നൽകിയിട്ടുണ്ട്:

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്	നിയോജക മണ്ഡലം	അടങ്കൽ തുക (രൂപ ലക്ഷത്തിൽ)
1	ഹരിപ്പാട് ഡീവിയേഷൻ റോഡിന്റെ മാധവ ജംഗ്ഷൻ മുതൽ ആശുപത്രി ജംഗ്ഷൻ വരെയുള്ള ഭാഗത്തെ പുനരുദ്ധാരണം, ടൗൺഹാൾ ജംഗ്ഷൻ മുതൽ ഏഴിക്കകത്ത് ജംഗ്ഷനും പിള്ളത്തോടും വരെയുള്ള ഡ്രെയിനും, നടപ്പാതയും നിർമ്മാണം.	ഹരിപ്പാട്	463.00
2	നെടുമുടി - കരുവാറ്റ റോഡിൽ മുത്തല കുറിച്ചിക്കലിലെ ലേഡിംഗ് ചാനലിന് കുറുകെയുള്ള പാലം നിർമ്മാണം.	ഹരിപ്പാട്	2825.00

പൊന്നാനി-ഏലത്തൂർ തീരദേശ റോഡ് നിർമ്മാണം

243 (3994) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിർദ്ദിഷ്ട പൊന്നാനി-ഏലത്തൂർ തീരദേശ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ?

ഉത്തരം

നിർദ്ദിഷ്ട തീരദേശ റോഡ് വല്ലാർപാടം മുതൽ വെങ്ങളം വരെയാണ്. ഇപ്പോൾ പൊന്നാനി മുതൽ കോഴിക്കോട് ഫ്രാൻസിസ് റോഡ് വരെയാണ് വികസിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നത്. 117 കോടി രൂപ ഇതിന് അനുവദിച്ച് ആർ.ബി.ഡി.സി.കെ. മുഖേന പ്രവൃത്തി ആരംഭിച്ചെങ്കിലും ആശാൻപടി മുതൽ 4.5 കി.മീറ്റർ നിർമ്മാണം മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. ഭരണാനുമതി നൽകിയ ബാക്കി ഭാഗത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ഘട്ടം ഘട്ടമായി നടന്നുകൊണ്ടിരിക്കുകയാണ്. തീരപ്രദേശത്ത് സ്ഥലമേറ്റെടുക്കുന്നതിന് ശക്തമായ എതിർപ്പും നേരിടുന്നുണ്ട്. നിർദ്ദിഷ്ട തീരദേശ റോഡിൽ ഏലത്തൂർ വരെയുള്ള ഭാഗം ഉൾപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly